പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O.,
Thiruvananthapuram – 695 034
Phone : 0471 – 2326603/04/05
E-mail : pro.cpcr@gmail.com

10.05.2023

## മുള്ളൻകൊല്ലി പെരിക്കല്ലൂർ സ്കൂൾ കുട്ടികളുടെ തോണി യാത്ര സുരക്ഷിതത്വം ഉറപ്പാക്കണം

-ബാലാവകാശ കമ്മീഷൻ

വയനാട് മുള്ളൻകൊല്ലി പെരിക്കല്ലൂർ സ്കൂൾ കുട്ടികളുടെ തോണി യാത്ര സുരക്ഷിതത്വം ഉറപ്പാക്കുന്നിനും തോണികൾക്ക് അടിയന്തര ഫിറ്റ്നസ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാൻ ബാലാവകാശ കമ്മീഷൻ നിർദ്ദേശം നൽകി. കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ, അംഗം ബി. ബബിത എന്നിവരുടെ ഡിവിഷൻ ബഞ്ചാണ് നിർദ്ദേശം നൽകിയത്. കുട്ടികൾ കൂടുതലും കർണ്ണാടക ബോർഡറിൽ നിന്നുമാണ് എത്തുന്നത്. ഇവർക്ക് കബനി നദി കടന്നാണ് സ്കൂളിൽ എത്തേണ്ടിവരുക. ഇതിന് 20 വർഷം പഴക്കമുള്ള 3 തോണികളാണ് ഉപയോഗിക്കുന്നത്. ഈ തോണികൾക്ക് മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ ഫിറ്റ്നസ് ഇല്ല. മാധ്യമ വാർത്തയെ തുടർന്ന് കമ്മീഷൻ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് വയനാട് ജില്ലാ കളക്ടർ, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ ശിശു സംരക്ഷണ ഓഫീസർ എന്നിവരുടെ അടിയന്തര ഓൺലൈൻ മീറ്റിംഗ് കൂടുകയായിരുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ